**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 186** **07-06-2021 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ ആശുപത്രിയിലെ ജീവനക്കാരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | Smt Veena George<br>(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | 2015-16 വർഷം താലൂക്ക് ആശുപത്രിയായി ഉയർത്തിയ ഇരിക്കൂർ ഗവൺമെന്റ് ആശുപത്രിയിൽ, താലൂക്ക് ആശുപത്രിക്ക് ആവശ്യമായ ജീവനക്കാരെ നിയമിക്കാനും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനും നടപടികൾ സ്വീകരിക്കുമോ; | (എ) | 16/11/2015തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 261/2015/ആ കു വ പ്രകാരം സാമൂഹികാരോഗ്യ കേന്ദ്രത്തെ കാഷ്വാലിറ്റി യൂണിറ്റുള്ള താലൂക്ക് ആശുപത്രിയായി പ്രവർത്തിക്കുന്നതിനായി 4 കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ തസ്തിക സൃഷ്ടിച്ചിരുന്നു. ആർദ്രം പദ്ധതിയുടെ ഭാഗമായി കൂടുതൽ തസ്തികകൾ ടി ആശുപത്രിയിൽ സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | നബാർഡിൽ നിന്നുള്ള ധനസഹായത്തോടെ ഇരിക്കൂർ ഗവണ്മെന്റ് ആശുപത്രിക്ക് കെട്ടിടം പണിയാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | (ബി) | ഇരിക്കൂർ ആശുപത്രിയിൽ നബാർഡ് RIDF-XXVI പ്രോജക്ട് പ്രകാരം നിർമ്മിക്കുന്ന കെട്ടിടത്തിന് നിർമ്മാണം എജൻസിയായ പൊതുമരാമത്ത് വകുപ്പ് സൈറ്റ് ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് പൂർത്തിയാക്കിയിട്ടുണ്ട്. ഫൗണ്ടേഷൻ - ഡിസൈനിങ്ങിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ